## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1983 | 11.02.2020-ൽ മറുപടിക്ക് |
|---|---|

**സംസ്ഥാനത്തുള്ള അനധികൃത കുടിയേറ്റക്കാർ**

| | ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | 1946 ലെ ഫോറിനേഴ്സ് ആക്ട് പ്രകാരം നിയമവിരുദ്ധ കുടിയേറ്റക്കാരെ കണ്ടെത്തി കസ്റ്റഡിയിൽ വെയ്ക്കുന്നതിനും ഡീപോർട്ട് ചെയ്യുന്നതിനുമുള്ള ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണോ; | (എ) | 1946-ലെ ഫോറിനേഴ്സ് ആക്ട് പ്രകാരം നിയമവിരുദ്ധ കുടിയേറ്റക്കാരെ കണ്ടെത്തി കസ്റ്റഡിയിൽ വയ്ക്കുന്നതിനും ഡീപോർട്ട് ചെയ്യുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാറിനും നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള അനധികൃത കുടിയേറ്റക്കാരെ ഡീറ്റെൻഷൻ സെന്ററിൽ സൂക്ഷിക്കേണ്ട ചുമതല സംസ്ഥാന സർക്കാരിന് ആണോ; എങ്കിൽ സംസ്ഥാനത്ത് നിലവിൽ എത്ര അനധികൃത കുടിയേറ്റക്കാരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; അവർ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ളവരെന്ന് വിശദമാക്കുമോ; | (ബി) | അനധികൃത കുടിയേറ്റക്കാരെ ഡീറ്റെൻഷൻ സെന്ററിൽ സൂക്ഷിക്കേണ്ട ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ അനധികൃത കുടിയേറ്റക്കാരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>ബംഗ്ലാദേശ് - 5<br>ശ്രീലങ്ക - 2<br>നൈജീരിയ - 5<br>നേപ്പാൾ - 2<br>------------------<br>**ആകെ 14** |
| (സി) | ഇവരെ തടവിൽ സൂക്ഷിക്കുന്നതിനായി സംസ്ഥാനത്ത് നിലവിൽ ഡീറ്റെൻഷൻ സെന്റർ നിർമ്മിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | അനധികൃത കുടിയേറ്റക്കാരെ തടവിൽ സൂക്ഷിക്കുന്നതിനായി സംസ്ഥാനത്ത് നിലവിൽ ഡീറ്റെൻഷൻ സെന്ററുകൾ നിർമ്മിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ